# ‘ഇസ്‌ലാം’ കർമ്മങ്ങൾ ഉപകരിക്കുവാൻ നിബന്ധനയാണ്


**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹി)
**ഗ്രന്ഥം:** ഫദ്‌ലുൽ ഇസ്‌ലാം
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല


അല്ലാഹുﷻ പറയുന്നു:

وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ ٨٥

﴿ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.﴾ (വി.ക്വു. ആലു ഇംറാൻ: 85)

അബൂഹുറയ്റ رضي الله عنهവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

« تَجِيءُ الأَعْمَالُ يَوْمَ الْقِيَامَةِ فَتَجِيءُ الصَّلاَةُ فَتَقُولُ يَا رَبِّ أَنَا الصَّلاَةُ. فَيَقُولُ إِنَّكَ عَلَى خَيْرٍ. فَتَجِيءُ الصَّدَقَةُ فَتَقُولُ يَا رَبِّ أَنَا الصَّدَقَةُ. فَيَقُولُ إِنَّكِ عَلَى خَيْرٍ. ثُمَّ يَجِيءُ الصِّيَامُ فَيَقُولُ أَىْ يَا رَبِّ أَنَا الصِّيَامُ. فَيَقُولُ إِنَّكَ عَلَى خَيْرٍ. ثُمَّ تَجِيءُ الأَعْمَالُ عَلَى ذَلِكَ فَيَقُولُ اللَّهُ عَزَّ وَجَلَّ إِنَّكِ عَلَى خَيْرٍ. ثُمَّ يَجِيءُ الإِسْلاَمُ فَيَقُولُ يَا رَبِّ أَنْتَ السَّلاَمُ وَأَنَا الإِسْلاَمُ. فَيَقُولُ اللَّهُ عَزَّ وَجَلَّ إِنَّكَ عَلَى خَيْرٍ بِكَ الْيَوْمَ آخُذُ وَبِكَ أُعْطِي. فَقَالَ اللَّهُ عَزَّ وَجَلَّ فِى كِتَابِهِ ﴿ وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ ﴾

((കർമ്മങ്ങളെല്ലാം അന്ത്യനാളിൽ വരും. നമസ്കാരം വരും. അത് പറയും രക്ഷിതാവേ, ഞാനാണ് നമസ്കാരം. അല്ലാഹുﷻ പറയും: നിശ്ചയം നീ നന്മയിൽ ആകുന്നു. പിന്നീട് സ്വദക്വഃ വരും. അത് പറയും രക്ഷിതാവേ, ഞാനാണ് സ്വദക്വഃ. അല്ലാഹുﷻ പറയും നിശ്ചയം നീ നന്മയിൽ ആകുന്നു. ശേഷം നോമ്പ് വരും. അത് പറയും: രക്ഷിതാവേ, ഞാൻ നോമ്പാകുന്നു. അല്ലാഹുﷻ പറയും: നീ ഖൈറിൽ ആകുന്നു; നിശ്ചയം, പിന്നീട് കർമ്മങ്ങൾ വരും. അത് പറയും രക്ഷിതാവേ, ഞാൻ കർമ്മങ്ങളാകുന്നു. അല്ലാഹുﷻ പറയും നീ ഖൈറിൽ ആകുന്നു; നിശ്ചയം. ശേഷം ഇസ്‌ലാം വരും. അതു പറയും: രക്ഷിതാവേ, നീ സലാമാണ്, ഞാൻ ഇസ്‌ലാമാണ്. അല്ലാഹുﷻ പറയും നീ നന്മയിലാണ്. നിന്നെകൊണ്ട് ഞാൻ ഇന്ന് സ്വീകരിക്കും. നിന്നെ കൊണ്ട് ഞാൻ നൽകും.)) അല്ലാഹുﷻ, തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നു:

وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ

﴾ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. ﴿ (വി.ക്വു. ആലു ഇംറാൻ: 85) [1]

ആഇശാﷺയിൽനിന്നും നിവേദനം: അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

(( مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ ))

((വല്ലവനും, നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം പ്രവൃത്തിച്ചാൽ ആ കാര്യം (അവനടക്കം) തള്ളപ്പെടേണ്ടതാണ്.)) [2]

---

[1] *മുസ്നദു അഹ്മദ്. ശെയ്ഖ് അൽബാനി ഹദീഥിനെ 'ദ്വഈഫ്' ആ ക്കിയിരിക്കുന്നു.*

[2] *ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, ഇബ്നു മാജഃ, അഹ്മദ്*